കൗമാരം

സംസ്ഥാന സ്കൂൾ കലോത്സവം 2017

ഓറഞ്ചിൻ മൊഞ്ചിലീ നഗരം!

കണ്ണൂർ● കൗമാരോത്സവ വേദികളിൽ മത്സരമധുരം കൂടുമ്പോൾ കാണാനെത്തിയവർക്കു മധുരനാരങ്ങയുടെ നിറം. മൽസരിക്കാനും കാണികളായും ഓറഞ്ച് നിറമുള്ള വസ്ത്രം ധരിച്ചെത്തിയ വരായിരുന്നു ഇന്നലെ കൂടുതൽ. വസ്ത്രം, കുട, കമ്മൽ, മാല, തൊപ്പി തുടങ്ങിയവയിലെല്ലാം ഓറഞ്ചിന്റെ പ്രഭ.

മലയാള മനോരമയും പ്രമുഖ വസ്ത്രവ്യാപാര സ്ഥാപനവുമായ ഡിസൈനും ചേർന്നൊരുക്കിയ 'കളർ യുവർ ഡേ' മൽസരമാണു കലോത്സവനഗരിയെ ഉന്മേഷത്തിന്റെ ചായം പൂശിയത്. കുട്ടികൾ മുതൽ മുതിർന്നവർ വരെ കലോത്സവത്തിന്റെ ഭാഗമാകാൻ ഓറഞ്ച് നിറമണിഞ്ഞെത്തി. മനോരമയുടെ സംഘം പല വേദികളിൽ നിന്നാണു വിജയികളെ കണ്ടെത്തുന്നത്. സമ്മാനമായ രണ്ടായിരം രൂപയുടെ ഗിഫ്റ്റ് വൗച്ചറും അപ്പോൾതന്നെ നൽകും. കഴിഞ്ഞ ദിവസങ്ങളിൽ സമ്മാനം കിട്ടാത്തവർ നിരാശരാകേണ്ട. മൽസരം തീരുന്നില്ല...

ഇന്നത്തെ വിജയികൾ

ഷൈജ സുജിത്ത്, 'അനുഷ്ജം', കാപ്പാട്, കണ്ണൂർ.

വി.റിൻസ, സമീരാസ്, മാങ്ങാട്, കല്യാശ്ശേരി, കണ്ണൂർ.

എൻ.കെ.സദാനന്ദൻ, വാഴക്കുലയ്ക്കൽ ഹൗസ്, വളയൻചിറങ്ങര

എം.സിന്ധു, ഭരതം ഹൗസ്, പട്ടാന്നൂർ പിഒ, മുട്ടന്നൂർ, കണ്ണൂർ.

ഇ.വി.ആവണി, പുതിയവീട്, തില്ലങ്കേരി, കണ്ണൂർ.

എം.പി.നിഷ, അരയാക്കിൽ, പെരികമന, കാസർകോട്.

പി.റീത്ത, മുനിസിപ്പൽ കാർട്ടേഴ്സ്, സൗത്ത് ബസാർ, കണ്ണൂർ.

ദേവി നന്ദന, നന്ദനം, അമ്പലത്തുംഭാഗം, പോരുവഴി, കൊല്ലം.

മർസിയ മുസ്തഫ, എ.വി. ഹൗസ്, പുതിയങ്ങാടി, കണ്ണൂർ.

പ്രസന്ന ഭായി, 'സർഗ, ധർമടം, തലശ്ശേരി, കണ്ണൂർ.

ഇന്നണിയൂ നീല!

അണിഞ്ഞൊരുങ്ങി വരണം കലോൽസവം കാണാൻ. മടങ്ങുമ്പോൾ മൽസരിക്കാതെതന്നെ കൈയിൽ സമ്മാനവും ഉണ്ടാകും!

പെട്ടിയിൽ നീല നിറമുള്ള ഉടുപ്പുകൾ ഏതെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ പുറത്തെടുക്കൂ, അതണിഞ്ഞു വരൂ ഇന്ന് കണ്ണൂരിലെ കലോൽസവ നഗരിയിൽ. കണ്ടു മടങ്ങുമ്പോൾ മൽസരിക്കാതെ തന്നെ സമ്മാനം നേടാൻ നിങ്ങൾക്കും അവസരമുണ്ട്.

കലോൽസവം കാണാനെത്തുന്നവർക്കായി മലയാള മനോരമയും പ്രമുഖ വസ്ത്ര വ്യാപാര സ്ഥാപനമായ 'ഡിസൈനും' ചേർന്നൊരുക്കുന്ന 'കളർ യുവർ ഡേ' മൽസരത്തിൽ ഇന്നത്തെ നിറം നീല.

പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും പങ്കെടുക്കാം.

DZYN CELEBRATE
SAREES · LEHENGAS · SALWARS · KIDSWEAR

പ്രായത്തിന്റെ കാര്യത്തിൽ നിബന്ധനകളൊന്നുമില്ല. മൽസരിക്കാതെ തന്നെ മനോഹരമായ സമ്മാനങ്ങൾ നേടാനുള്ള അവസരമുണ്ട്.

സമ്മാനം നേടാൻ നിങ്ങൾ ചെയ്യേണ്ടത് ഇത്ര മാത്രം:

നീല നിറം ഉപയോഗിച്ച് ഏറ്റവും ശ്രദ്ധേയമായി വേഷം ധരിച്ചെത്തുന്നവർക്കാണു സമ്മാനത്തിന് അർഹത. പൂർണമായും നീല വസ്ത്രങ്ങൾ ധരിക്കണമെന്നില്ല. വസ്ത്രങ്ങളിലോ, മറ്റ് മേക്കപ്പ് വസ്തുക്കളിലോ നീല മനോഹരമായി ഉപയോഗിക്കണമെന്നു മാത്രം.

മനോരമ സംഘം വിവിധ വേദികളിലെത്തി നിങ്ങളെ കണ്ടെത്തും. തിരഞ്ഞെടുക്കുന്ന പത്തു പേർക്ക് 'ഡിസൈൻ' നൽകുന്ന 2000 രൂപ വീതം വിലയുള്ള പർച്ചേസ് കൂപ്പണുകൾ സമ്മാനം.

മനോരമ -നിക്ഷാൻ- ഇംപെക്സ്-
എസ്എംഎസ് മത്സരം
സംസ്ഥാന സ്കൂൾ കലോത്സവം
7
'ക്വസ്റ്റ് ഇൻ ഫെസ്റ്റ്'– ഇന്നത്തെ ചോദ്യം ഇതാണ്.
Nikshan Electronics
Nikshan Arena, Bank Road, Kannur. Tel: 0497 2704664
impex innovate your life
പൊതുവിദ്യാഭ്യാസ ഡയറക്ടർ ആര്?
A)ജേക്കബ് തോമസ്
B)കെ.വി. മോഹൻകുമാർ
C)പുന്നൂസ് ജേക്കബ്
വാർത്തകളിൽത്തന്നെ ഉത്തരമുണ്ട്
Quest IN Fest
YF എന്ന് ടൈപ്പ് ചെയ്ത് സ്പെയ്സ് ഇട്ടശേഷം നിങ്ങൾ തിരഞ്ഞെടുത്ത ഉത്തരം A, B അല്ലെങ്കിൽ c എന്നു ടൈപ്പ് ചെയ്ത് 56767123 ലേയ്ക്ക് എസ്എംഎസ് അയയ്ക്കുക. ഇന്നലത്തെ വിജയികളുടെ പേരുകൾ നാളത്തെ പ്രത്രത്തിൽ. വിജയികളെ നേരിട്ട് വിവരം അറിയിക്കും.ദിവസവും 10 പേർക്ക് സമ്മാനം.
*നിരക്കുകൾ ബാധകം

കൂപ്പൺ നമ്പർ 5 വിജയികൾ
16.01.2017

വി.പി. മോഹനൻ, പയ്യന്നൂർ, സിദ്ധ ചാവശ്ശേരി, ചന്ദ്രമോഹൻ അഴീക്കോട്, ലീല പയ്യന്നൂർ, റാഹിത അഴീക്കോട്, റസിയ ആശാരിക്കമ്പനി, അഖിൽ പേരാവൂർ, മധുസൂധനൻ കണ്ണാടിപ്പറമ്പ്, കെ.എൻ.പി ഉഷാൻകുട്ടി കോടോളിപ്പുറം, ഷാഹിന കോടിയേരി.

മനോരമ- ഡോഡി ആൻഡ് റിഡ്ജ്
സെൽഫി ഫെസ്റ്റ്
DODIE&RIDGE SALON & SPA LADIES & KIDS

കലോത്സവ നഗരിയിൽ സെൽഫിയെടുത്ത് സന്തോഷിക്കുന്നവർക്ക് ഇത്തവണ ഭാഗ്യമുണ്ടെങ്കിൽ സമ്മാനങ്ങൾ സ്വന്തമാക്കാം. ഡോഡി ആൻഡ് റിഡ്ജ് സലൂൺസ് ആൻഡ് സ്പായുമായി ചേർന്ന് മനോരമ ഒരുക്കുന്ന മത്സരമാണ് സെൽഫി പ്രിയർക്ക് സമ്മാനത്തിലേക്കുള്ള വഴിതുറക്കുന്നത്. 16 മുതൽ 21 വരെയുള്ള ഓരോ ദിവസവും മൂന്നു പേർക്ക് 5,000 രൂപ വില വരുന്ന മൊബൈലും 1,000 രൂപ ചെലവു വരുന്ന ബ്യൂട്ടിപാക്കേജുമാണ് സമ്മാനം. സ്മാർട്ട് ഫോണും ബ്യൂട്ടി പാക്കേജും അടക്കം ബമ്പർ സമ്മാനങ്ങളുമുണ്ട്.

നിങ്ങൾ ചെയ്യേണ്ടത്: കലോത്സവ നഗരിയിൽ നിന്നെടുക്കുന്ന സെൽഫികൾ 7012769712 എന്ന വാട്സ്ആപ്പ് നമ്പറിൽ അയയ്ക്കുക. ബംപർ സമ്മാനത്തിന് അർഹത നേടാൻ സെൽഫികൾ www.facebook.com/dodieandridge എന്ന ഫെയ്സ്ബുക്ക് പേജിൽ അപ്ലോഡ് ചെയ്യണം.

ഓരോ ദിവസവും വൈകിട്ട് ആറുവരെ അയയ്ക്കുന്ന സെൽഫികളാണ് മത്സരത്തിനു പരിഗണിക്കുക. വിജയികളുടെ വിവരങ്ങൾ രാത്രി ഏഴിനും ഒൻപതിനുമിടയിൽ ഡോഡി ആൻഡ് റിഡ്ജിന്റെ ഫെയ്സ്ബുക്കിൽ നിന്ന് അറിയാം.

സെൽഫി ഫെസ്റ്റ് വിജയികൾ

മുഹമ്മദ് സഹൽ, തായത്തെരു
സി.പി. സലീത്ത് വേങ്ങാട്,
ബിനീഷ് മുണ്ടേരി

വാക്കുകളുടെ നക്ഷത്രങ്ങൾ

കലോത്സവ കഥയെഴുത്തുകാർക്കും അവരുടെ രചനകൾക്കും ഒപ്പം നടക്കുകയാണു യുവകഥാകൃത്തായ വി.എച്ച്.നിഷാദ്. വാക്കുകൾ പൂക്കളായും താരകങ്ങളായും നിറഞ്ഞുപൂക്കുന്ന എഴുത്തിന്റെ വിസ്മയവഴക്കം ഇവർക്കു സ്വന്തമെന്ന് നിഷാദ് പറയുന്നു.

വി.എച്ച്.നിഷാദ്

മത്സരവേദികൾ മാത്രമല്ല, ഈ കൊച്ചുകഥാകൃത്തുക്കളുടെ സ്വപ്നം. കലോത്സവ സമ്മാനത്തേക്കാൾ ഇവർ വിലമതിക്കുന്നതു പൊന്നിനേക്കാൾ മൂല്യവും വിലയുമുള്ള ഒരു വാക്കിനാണ്. വാക്കിന്റെ തുടിപ്പും ഉരുക്കുശക്തിയും തിരിച്ചറിഞ്ഞവരാണിവർ. അഥവാ നാളെയുടെ എഴുത്തുകാരാവാൻ വിധിക്കപ്പെട്ടവർ!

മലപ്പുറം പരപ്പൂർ ഐയുഎച്ച്എസ്എസിലെ വിദ്യാർഥി നഈം മുഹമ്മദിന്റെ 'അറവ്-ഒരു ഫാസിസ്റ്റ് ചിന്താഗതിയുള്ള കഥ' വായനയുടെ അടിത്തറയുള്ള, മികച്ച ഒരെഴുത്തുകാരന്റെ രചനയാണ്. ലൂസിഫറിനു കാമുകപരിവേഷം കൊടുക്കുന്ന ഈ കഥയിൽ പ്രണയത്തിന്റെ ഒരു ന്യൂജനറേഷൻ ടിസ്റ്റുണ്ട്. കൈയൊതുക്കത്തോടെ നഈം കഥ അവസാനിപ്പിക്കുമ്പോൾ 'അവൾ' ഒറ്റയാവുകയാണ്.

വടകര ഇരിങ്ങമ്മൂർ എച്ച്എസ്എസിലെ ഇ.ടി.അനുഗ്രഹയുടെ 'പേന' എന്ന കൊച്ചുകഥ വെടിയുണ്ടപോലെ തീഷ്ണം.

'ദാ, ഇതുപിടി'– അയാൾ തന്റെ പേന എറിഞ്ഞുകൊടുത്തു എന്ന അവസാനവരിയിൽ കഥ തീരുകയല്ല, തുടങ്ങുകയാണെന്നു നാം തിരിച്ചറിയുന്നു. യഥാർഥ കല തീരുന്നിടത്താണല്ലോ മുളയ്ക്കുന്നത്!

കളമശേരി രാജഗിരി എച്ച്എസ്എസിലെ നന്ദന സുനിലിന്റെ 'ഭയം' എന്ന കഥ 'നീയാണു മാറേണ്ടത്' എന്ന് ഓരോ പെൺകുട്ടിയെയും ഓർമിപ്പിക്കുന്നു. ഒടുവിൽ അവൾ നിർഭയ ആകുമ്പോഴേക്കും ജീവിതം തീർന്നിരിക്കും എന്നൊരു ധ്വനികൂടി പ്രവചന സ്വഭാവമുള്ള ഈ കഥയ്ക്കുണ്ട്.

'ഏകാന്തത'യെക്കുറിച്ച് അതേ പേരുള്ള കഥയിൽ കോട്ടയം മുട്ടുചിറ സെന്റ് ആഗ്നസ് ജിഎച്ച്എസ്എസിലെ ഡോണസെബാസ്റ്റ്യൻ എഴുതുന്നു. 'ഭൂമിയിലെ ഏറ്റവും മനോഹരവും അമിതമായാൽ അതിഭയാനകവുമായ ഒരവസ്ഥയാണ് ഏകാന്തത' എന്ന് ഇതിൽ ഒരിടത്തു കഥാകാരി നിരീക്ഷിക്കുന്നുണ്ട്. മനുഷ്യനും പ്രകൃതിയും ഏകാന്തതയും ചേരുന്ന ലയനമാണു കഴിഞ്ഞ കലോത്സവത്തിലെ ജേതാവു കൂടിയായ കഥാകാരിയുടെ സ്വപ്നങ്ങളിൽ.

ചുരുക്കത്തിൽ തങ്ങൾ ജീവിക്കുന്ന കാലത്തെക്കുറിച്ചും ചുറ്റുമുള്ള സാഹിത്യചലനങ്ങളെക്കുറിച്ചും ദത്തശ്രദ്ധരാണ് ഈ പുതിയ തലമുറക്കാരെന്ന് ഇവരുടെ രചനകളിൽ നിന്നുള്ള വാക്കുകൾ ഉദിച്ചു നക്ഷത്രങ്ങളായി നിരന്നുനിന്നു പറയുന്നു. 'ബാൽക്കണിയുടെ മാറു തുറന്ന്...'എന്ന പ്രയോഗം പ്രതിഭാശാലിയായ ഒരു കഥാകൃത്തിനേ സാധ്യമാകൂ. ഏകാന്തതയേക്കാൾ തീക്ഷ്ണമായും പ്രണയത്തേക്കാൾ മനോഹരമായും ഇവർ ഇനിയും കഥകളെഴുതിനമുക്കു മുന്നിൽ പുഞ്ചിരിച്ചുനിൽക്കുമെന്നു കരുതാനാണിഷ്ടം.

കഥാവിഷയം വിളിപ്പുറത്ത്

കണ്ണൂർ ● 'ഒരു മിസ്ഡ് കോളിന്റെ ദൂരം !' കഥയെഴുതാനുള്ള വിഷയം ബോർഡിൽ കുറിച്ചപ്പോൾ ഹൈസ്കൂൾ വിഭാഗം കഥാരചനാ മത്സരത്തിനെത്തിയവർ പരസ്പരം പുഞ്ചിരിച്ചു. ഇത്രയും 'സിപിംളായ' വിഷയം ആരും പ്രതീക്ഷിച്ചിരുന്നില്ലെന്നു ചിരിയുടെ പിന്നാമ്പുറം. മത്സരാർഥികളിൽ ആരുടെയും കൈയിൽ മൊബൈൽ ഫോണുണ്ടായിരുന്നില്ല. ഫോണെല്ലാം ഹാളിനു പുറത്ത് ഒരു കൈയകലത്തിൽ. പുതിയ ലോകത്തു മിഡ്സ് കോൾ തീർക്കുന്ന ചതിക്കുഴികെക്കുറിച്ചായിരുന്നു മിക്കവാറു പേരുടെയും കഥ. വ്യത്യസ്തമായി ഈ വിഷയത്തെ സമീപിക്കാൻ ശ്രമിച്ചവരുമുണ്ട്. പങ്കെടുത്ത 15 പേരിൽ പതിമൂന്നു പേരും പെൺകുട്ടികൾ. ഒരാൾ കഥയെഴുതാനെത്തിയില്ല. ഹയർസെക്കൻഡറി വിഭാഗം കഥാരചനയുടെ വിഷയം കടുപ്പമായെന്നു വിദ്യാർഥികൾ പറഞ്ഞു.

'സൈബർ ലോകത്തു മഴ പെയ്യുമ്പോൾ' എന്നതായിരുന്നു വിഷയം. എച്ച്എസ് വിഭാഗം പെൻസിൽ ഡ്രോയിങിനു നൽകിയതും എളുപ്പത്തിൽ വര വഴങ്ങുന്ന വിഷയം: നഗരത്തിലെ തിരക്ക് !

വര:
പി.എൽ.അനുപമ,
പി.ജി.എച്ച്.എസ്.എസ്.
പൊന്നാനി

ഭയം

കഥ

നന്ദന സുനിൽ
രാജഗിരി എച്ച്എസ്എസ്
കളമശേരി.

അവൾക്കു ഭയമായിരുന്നു...
ഒന്നുറക്കെച്ചിരിക്കാൻ,
മുഖം കുനിക്കാതെ സംസാരിക്കാൻ, അഭിപ്രായം പറയാൻ, സന്ധ്യക്കിറങ്ങി നടക്കാൻ...

പെൺകുട്ടികൾ അടുക്കളയിലെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങി ജീവിക്കണമെന്നു നിഷ്കർഷിച്ച അച്ഛനെയും ഭയമായിരുന്നു...

സമൂഹത്തെയും അപരിചിതരെയും കുരുക്കുകളെയും എന്തിനു സ്വന്തം ജീവിതത്തെയും നിഴലിനെയും വരെ അവൾ ഭയന്നു. തന്നെ ഇരുട്ടിലേക്കു കൊട്ടിയടയ്ക്കാനായി ഒരു താലിച്ചരടുമായി അരികിലേക്കു വന്ന അയാളെയും ഭയമായിരുന്നു.

പിന്നെ, അവളെ കൊത്തിവലിക്കാൻ പിറകെ വന്ന കഴുകൻ കണ്ണുകളെയും ഭയന്നു.

എന്നാൽ ഭാവശുദ്ധിയുള്ള ആ ഭാരത സ്ത്രീക്ക് സ്വയം ജീവനൊടുക്കാൻ ശ്രമിക്കുമ്പോൾ ഭയം തോന്നിയില്ല...

എന്തെന്നാൽ, അവളെ മാറോടണയ്ക്കാൻ വെമ്പിനിന്ന ഈശ്വരൻ അവളോടു പറഞ്ഞു: '' ഭയപ്പെടേണ്ട മകളേ, നീയല്ല, നിന്നെയാണു ഭയക്കേണ്ടത്... സ്ത്രീയുടെ പോരാട്ടവീര്യം കാട്ടിക്കൊടുക്കൂ.. മാറുക.. മാറ്റുക''

ഇന്റൻസീവ് കെയർ യൂണിറ്റിലെ കിടക്കയിൽ കിടന്ന് അവൾ ഭയം വെടിഞ്ഞു പുഞ്ചിരിച്ചു.